## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1717 | 16-06-2014-ൽ മറുപടിക്ക്

### അബ്കാരി നയം

**ചോദ്യം:**

പ്രൊഫ. സി. രവീന്ദ്രനാഥ്:
ശ്രീ. സാജു പോൾ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ജെയിംസ് മാത്യു:

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

(എ) 'മദ്യവർജ്ജനം' ഈ സർക്കാരിന്റെ നയമാണോ; ഇക്കാര്യത്തിലുള്ള നയം എന്താണെന്ന് വെളിപ്പെടുത്തുമോ;

(എ) ബോധവൽക്കരണത്തിലൂടെയും, മദ്യത്തിന്റെ ലഭ്യത കുറച്ചും ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) ഈ സർക്കാർ ഏറ്റവും ഒടുവിൽ പ്രഖ്യാപിച്ച അബകാരി നയം എന്തായിരുന്നു; അത് എപ്പോഴായിരുന്നുവെന്നും പ്രസ്തുത നയം നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) 19-07-2012-ൽ, സർക്കാർ ഏറ്റവും ഒടുവിലായി 2012-13 വർഷത്തേക്കുള്ള അബകാരി നയം പ്രഖ്യാപിച്ചിരുന്നു. ടി നയം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കള്ള്ചെത്ത് വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനായി 2014-15 വർഷത്തേക്കുള്ള അബകാരി നയം 12-02-2014-ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) എല്ലാവർഷവും പ്രഖ്യാപിക്കാറുണ്ടായിരുന്ന അബകാരി നയം കഴിഞ്ഞ രണ്ട് വർഷമായി പ്രഖ്യാപിക്കാതിരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ; ഇത് അഴിമതി ലക്ഷ്യമിട്ടുകൊണ്ടാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) 2011-12-ലെ മദ്യനയത്തിൽ പ്രഖ്യാപിച്ച വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സർക്കാർ കൈക്കൊണ്ട നിയമഭേദഗതികൾ ബഹു. ഹൈക്കോടതിയുടെ 27-07-2012-ലെ റിട്ട് അപ്പീൽ 470/12 പ്രകാരം റദ്ദാക്കുകയും ഇതിനെതിരെ സർക്കാർ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP -യിലെ തീരുമാനം നീണ്ടുപോയതിനാൽ, 2012-13 വർഷം പ്രഖ്യാപിച്ച മദ്യനയം നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, സമഗ്ര മദ്യനയം പ്രഖ്യാപിക്കുന്നതിന് റിട്ട. ഹൈക്കോടതി ജഡ്ജ് ശ്രീ. എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചു. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ തുടർന്നുള്ള വർഷങ്ങളിൽ മദ്യനയം പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടില്ല. കമ്മീഷൻ 06-03-2014-ന് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ലോകസഭാ തിരഞ്ഞെടുപ്പിനുള്ള മാതൃകാ പെരുമാറ്റച്ചട്ടം 05-03-2014 മുതൽ നിലവിൽ വന്നതിനാൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളനുസരിച്ച് മദ്യനയം പ്രഖ്യാപിക്കാൻ കഴിയാതെ വരുക

യും, റിപ്പോർട്ടിലെ ശുപാർശകളിന്മേൽ നികുതി വകുപ്പ് സെക്രട്ടറി സമർപ്പിച്ച ശുപാർശകൾ സർക്കാർ പരിഗണനയിലാണ്. ഇക്കാലയളവിൽ കള്ളുചെത്ത് വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനുള്ള അബ്കാരി നയം പ്രഖ്യാപിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഇപ്പോൾ അബ്കാരി രംഗത്ത് സ്വീകരിച്ചുവരുന്ന നടപടികൾ ഏത് നയത്തിന്റെ പിൻബലത്തിലാണെന്ന് വിശദമാക്കുമോ; ഈ സർക്കാർ പുതുതായി അനുവദിച്ച ബാറുകളും ബിയർ പാർലറുകളും എത്രയാണ്; സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന അപേക്ഷകൾ എത്ര; ബിവറേജസ് കോർപ്പറേഷന്റെ പുതിയ ചില്ലറ വില്പന ശാലകൾ ആരംഭിക്കേണ്ടതില്ലെന്ന തീരുമാനത്തിനുശേഷം പുതിയ ബാർ - ബിയർ പാർലർ ലൈസൻസുകൾ നൽകുകയുണ്ടായോ? | (ഡി) | 2011-12-ലെ മദ്യനയമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 60 ബാറുകളും 53 ബിയർ പാർലറുകളും പുതുതായി അനുവദിച്ചിട്ടുണ്ട്. ഇവയിൽ 8 ബാർ ലൈസൻസുകളും 6 ബിയർ പാർലറിനുള്ള അപേക്ഷകളും റദ്ദ് ചെയ്തിട്ടുണ്ട്. കൂടാതെ ബാർ ലൈസൻസിനുള്ള 3 അപേക്ഷകളും ബിയർ പാർലറിനുള്ള 8 അപേക്ഷകളും സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ